**കേരള സർക്കാർ**
**ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്**
**ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ. തീയതി : 2019 ജൂലൈ 12 വെള്ളി**
<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**Web: www.prd.kerala.gov.in.E-mail.diothrissur@gmail.com.**
<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

## ആരോഗ്യമേഖലയുടെ അതിജീവനം: 3.62 കോടി രൂപ ചെലവിൽ 14 ആരോഗ്യകേന്ദ്രങ്ങൾക്ക് പുതുജീവൻ

മഹാപ്രളയം നാശം വിതച്ച തൃശൂർ ജില്ലയിലെ 14 ആരോഗ്യകേന്ദ്രങ്ങൾ പുനഃനിർമ്മിച്ചും നവീകരിച്ചും അതിജീവനത്തിന്റെ പുതു വഴിവെട്ടുകയാണ് ആരോഗ്യ വകുപ്പ്. 3.62 കോടി രൂപ ചെലവിലാണ് പ്രളയം താറുമാറാക്കിയ ആരോഗ്യകേന്ദ്രങ്ങളുടെ പുനർജ്ജനി. ചാലക്കുടി താലൂക്ക് ആശുപത്രി, പറപ്പൂക്കര, കൊടകര, പടിയൂർ, മുപ്ലിയം എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, തളിക്കുളം കുടുംബാരോഗ്യ കേന്ദ്രം, ജിഎംഎച്ച്സി തൃശൂർ, യുപിഎച്ച്എസ് ആനപ്പുഴ, മാടായിക്കോണം, വെണ്ണൂർ, അന്നമനട, കുണ്ടൂർ, വേലൻചിറ, ബ്രഹ്മകുളം സബ്ബ്സെൻററുകളുമാണ് പ്രളയത്തിൽ തകർന്നത്. പ്രളയം നാശം ഏറെ വിതച്ച ചാലക്കുടിയിൽ സംസ്ഥാനത്തെ തന്നെ എറ്റവും മികച്ച താലൂക്ക് ആശുപത്രിയെന്ന ഖ്യാതിയുമുണ്ടായിരുന്ന ചാലക്കുടി താലൂക്ക് ആശുപത്രി പൂർണമായും തകർന്നു പോയി. രണ്ട് കോടി അമ്പത് ലക്ഷം രൂപ ചെലവിലാണ് രണ്ടുഘട്ടങ്ങളിലായി ഈ ആശുപത്രി പുനർനിർമ്മിക്കുന്നത്. ആദ്യഘട്ടത്തിലെ 80 ശതമാനം നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. രണ്ടാം ഘട്ടത്തിൽ 1.24 കോടി രൂപ ചെലവിട്ടാണ് നിർമ്മാണ പ്രവർത്തനം. തകർന്ന മൂന്ന് ആരോഗ്യ കേന്ദ്രങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി കഴിഞ്ഞു. 8 കേന്ദ്രങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ 50 ശതമാനത്തിലധികം പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ട്.

ആശുപത്രി കെട്ടിടങ്ങൾക്ക് പുറമേ കോടിക്കണക്കിന് രൂപയുടെ ആശുപത്രി ഉപകരണങ്ങളും പ്രളയത്തിൽ നശിച്ചു. ചാലക്കുടി താലൂക്ക് ആശുപത്രിയിൽ മാത്രം 3,40,51459 രൂപയുടെ ഉപകരണങ്ങൾക്കാണ് നശിച്ചത്. പറപ്പൂക്കര പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ 26,09500 രൂപയുടെ നഷ്ടമാണ് ജില്ലാ ആരോഗ്യ വിഭാഗം കണക്കാക്കുന്നത്. ഇവ പൂർണമായും പുനസ്ഥാപിക്കാനുള്ള ശ്രമങ്ങൾ നടന്നുവരികയാണ്.

പ്രളയകാലത്തെ രക്ഷാപ്രവർത്തനത്തിലും പുനരധിവാസ പ്രവർത്തനനങ്ങളിലും വലിയ ഇടപെടലാണ് ആരോഗ്യ വകുപ്പ് നടത്തിയത്. ജില്ലയിൽ പകർച്ചവ്യാധി ഉൾപ്പടെയുള്ളവ പൊട്ടിപ്പുറപ്പെടുന്നത് തടയാൻ ഈ ഇടപെടൽ മൂലം സാധ്യമായി. കെ.എം.സി.എസ്.എൽ., കാരുണ്യ ഫാർമസി തുടങ്ങിയവ വഴി 1,45,77788 രൂപയുടെ മരുന്നുകൾ വിതരണം ചെയ്തു. ഇതിനു പുറമേ സന്നദ്ധ സംഘടനകൾ, വ്യക്തികൾ, വിവിധ സംസ്ഥാന സർക്കാരുകൾ എന്നിവയുടെ സഹകരണത്തോടെ 25 ലക്ഷം രൂപയുടെ മരുന്നുകൾ ദുരിതാശ്വാസ ക്യാമ്പുകളിലെത്തിക്കാനും ആരോഗ്യ വകുപ്പിന് കഴിഞ്ഞു.

പ്രളയബാധിതർക്കായി അധിക താൽക്കാലിക ആരോഗ്യകേന്ദ്രങ്ങൾ സ്ഥാപിച്ചു. 4 ഡോക്ടർമാർ, 56 സ്റ്റാഫ് നേഴ്സുകൾ, 35 പിജി മെഡിക്കൽ വിദ്യാർഥികൾ, 16 ഫാർമസിസ്റ്റുകൾ, 9 ലാബ് ടെക്നീഷ്യൻമാർ എന്നിവരുൾപ്പെട്ട സംഘത്തിൻെറ സേവനം ഉറപ്പുവരുത്തി. പ്രളയാനന്തരം ശുചീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി ആരോഗ്യ വകുപ്പ് പ്രവർത്തിച്ചു. കിണറുകൾ ശുചീകരിക്കുന്നതിന് തമിഴ്നാട് മെഡിക്കൽ സർവീസ് കോർപ്പറേഷൻ ഉൾപ്പടെയുള്ള സ്ഥാപപനങ്ങളുമായി സഹകരിച്ച് 40.5 ടൺ ബ്ലീച്ചിംഗ് പൗഡറും, 125 ബാരൽ ക്ലോറിൻ സൊല്യൂഷനും, 3340000

ക്ലോറിൻ ഗുളികകളും ലഭ്യമാക്കി. 1000 ലിറ്റർ ഫിനൈൽ ലഭ്യമാക്കി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ എജൻസികൾ എന്നിവയുമായി സഹകരിച്ച് ശുചീകരണ യജ്ഞത്തിന് നേതൃത്വം നൽകാനും ആരോഗ്യവിഭാഗത്തിന് സാധിച്ചു.

സ്വകാര്യ ആശുപത്രികൾ, ആരോഗ്യപ്രവർത്തകരുടെ വിവിധ സംഘടനകൾ, മഹാരാഷ്ട്ര, ഒറീസ, കൊൽക്കത്ത, ആന്ധ്രാപ്രദേശ് മെഡിക്കൽ ടീം, ജിപ്മർ മെഡിക്കൽ ടീം, സാമൂഹ്യ സുരക്ഷാ മിഷൻ എന്നിവ ജില്ലാ ആരോഗ്യവിഭാഗത്തിന് പ്രളയാനന്തര അതിജീവന പ്രവർത്തനങ്ങളിൽ സഹായം നൽകി.

6833 മെഡിക്കൽ ക്യാമ്പുകളാണ് ജില്ലയിൽ പ്രളയാനന്തരം സംഘടിപ്പിച്ചത്. ഇതിനൊപ്പം രോഗപ്രതിരോധ പ്രവർത്തനങ്ങളും മാനസിക സംഘർഷം ലഘൂകരിക്കുന്നതിനുള്ള നിരവധി പ്രവർത്തനങ്ങളും നടത്താനായി. ജില്ലയെ 17 മേഖലകളായി തിരിച്ചാണ് പ്രളയം നേരിട്ടവർക്ക് മാനസിക സംഘർഷം ലഘൂകരിക്കുന്നതിനുള്ള കൗൺസലിംഗ് ഉൾപ്പടെയുള്ള സേവനങ്ങൾ ലഭ്യമാക്കിയത്. എലിപ്പനി നിയന്ത്രണത്തിന് പ്രളയബാധിത പ്രദേശങ്ങളിലെ മുഴുവൻ വീടുകളിലും ഡൊക്സി സൈക്ലിൻ മരുന്നുകൾ വിതരണം ചെയ്യുകയും ആശുപത്രികളിൽ ഇതിനായി കൗണ്ടറുകൾ ആരംഭിക്കുകയും ചെയ്തു. പാമ്പുകടിക്ക് ചികിത്സ ഉറപ്പുവരുത്തുന്നതിൻെറ ഭാഗമായി താലൂക്ക്, ജില്ലാ, ജനറൽ ആശുപത്രികളിലും മെഡിക്കൽ കോളേജിലും ചികിത്സാ സൗകര്യം ഒരുക്കാനായി. ചാലക്കുടി താലൂക്ക് ആശുപത്രിയിലെ ഡയാലിസിസ് യൂണിറ്റ് വെള്ളം കയറി നശിച്ചതിനെ തുടർന്ന് മാള ആശുപത്രിയിൽ അടിയന്തിര ഡയാലിസിസ് യൂണിറ്റ് തുടങ്ങാനായത് നൂറുകണക്കിന് രോഗികൾക്കാണ് ആശ്വാസമായത്.

ഇതിനൊപ്പം പ്രളയാനന്തര ബോധവൽക്കരണത്തിൻെറ ഭാഗമായി പരിശീന ക്ലാസുകൾ സംഘടിപ്പിക്കുകയും, ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യാനായി. ജില്ലാ ഭരണകൂടത്തിനൊപ്പം ചേർന്ന് അതിജീവന പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നതിനോടൊപ്പം ഭാവിയിലെ എത് വെല്ലുവിളികളും നേരിടാൻ ആവശ്യമായ തയ്യാറെടുപ്പുകളും നടത്തുകയാണ് ജില്ലാ ആരോഗ്യവിഭാഗം.

## ജനകീയം അതിജീവനം
## പൊതുജന സമ്പർക്ക പരിപാടി 20 ന് തൃശൂരിൽ

പ്രളയാനന്തര കേരളം കെട്ടിപ്പടുക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാർ നടപ്പാക്കിയിട്ടുള്ള പുനരധിവാസ പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിനും സഹായധനം ലഭിച്ചവരെ ആദരിക്കുന്നതിനും ശേഷിക്കുന്നവർക്ക് സഹായധനം കൈമാറുന്നതിനുമായി ജില്ലാഭരണകൂടം സംഘടിപ്പിക്കുന്ന 'ജനകീയം അതിജീവനം' പരിപാടി ജൂലൈ 20 ന് തൃശൂരിൽ നടക്കും. രാവിലെ 10 മുതൽ ടൗൺഹാളിൽ നടക്കുന്ന പരിപാടിയിൽ മന്ത്രിമാർ, എം പിമാർ, എംഎൽഎമാർ, മേയർ, ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട്, ത്രിതല പഞ്ചായത്ത് ജനപ്രതിനിധികൾ, വകുപ്പു തല ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുക്കും. ഇതിനു മുന്നോടിയായി ജില്ലാ ആസൂത്രണഭവൻ ഹാളിൽ തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എ സി മൊയ്തീന്റെ അധ്യക്ഷതയിൽ സംഘാടക സമിതി രൂപീകരിച്ചു.

സംഘാടക സമിതി ചെയർമാനായി കൃഷിവകുപ്പ് മന്ത്രി അഡ്വ. വി എസ് സുനിൽകുമാറിനെ തിരഞ്ഞെടുത്തു. തദ്ദേശസ്വയം ഭരണ വകുപ്പ്മന്ത്രി എ സി മൊയ്തീൻ, വിദ്യാഭ്യാസ വകുപ്പ് മന്ത്രി പ്രൊഫ. സി രവീന്ദ്രനാഥ് എന്നിവർ മുഖ്യരക്ഷാധികാരികളാണ്. എം പിമാർ, എം എൽ എമാർ, മേയർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എന്നിവരാണ് രക്ഷാധികാരികൾ. ജില്ലാ കളക്ടർ എസ് ഷാനവാസാണ് ജനറൽ കൺവീനർ.

സംഘാടക സമിതി യോഗത്തിൽ എംഎൽഎമാരായ ബി ഡി ദേവസ്സി, ഇ ടി ടൈസൺ, അഡ്വ. വി ആർ സുനിൽകുമാർ, ജില്ലാപഞ്ചായത്ത് പ്രസിഡന്റ് മേരി തോമസ്, ജില്ലാ കളക്ടർ എസ് ഷാനവാസ്, ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട്സ് അസോസിയേഷൻ ജില്ലാ പ്രസിഡന്റ് കെ.കെ. സതീശൻ, പ്രോഗ്രാം കോർഡിനേറ്റർ ഡെപ്യൂട്ടി കളക്ടർ കെ. മധു, ത്രിതല പഞ്ചായത്ത് പ്രതിനിധികൾ, വകുപ്പുതല ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

## മാലിന്യസംസ്കരണം: കൊടുങ്ങല്ലൂരിൽ

# ആഗസ്റ്റ് മുതൽ വിപുലമായ പദ്ധതി

കൊടുങ്ങല്ലൂർ നഗരസഭയിലെ മാലിന്യപ്രശ്നത്തിന് വിപുലമായ പദ്ധതി. ആഗസ്റ്റ് ആദ്യവാരം മുതൽ പദ്ധതി നടപ്പിലാക്കും. പദ്ധതി കാര്യക്ഷമമായി നടപ്പാക്കുന്നതിന് മാലിന്യപരിപാലന നിയമാവലിക്കും രൂപം നൽകി. നഗരസഭാ പ്രദേശത്തെ പൊതുസ്ഥലങ്ങളിൽ മാലിന്യം വലിച്ചെറിയുന്നത് തടയുന്നതിനും ജനങ്ങളെ ബോധവൽക്കരിക്കുന്നതിനും ശാസ്ത്രീയമായി ജൈവ-അജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനും ചെയർമാൻ കെ. ആർ. ജൈത്രന്റെ അദ്ധ്യക്ഷതയിൽ അടിയന്തിരമായി ചേർന്ന നഗരസഭ കൗൺസിൽ യോഗത്തിലാണ് പുതിയ പദ്ധതിക്ക് രൂപം നൽകിയത്. വീടുകളിലും കച്ചവട സ്ഥാപനങ്ങളിലും ഹരിത കർമ്മ സേനാംഗങ്ങൾ നേരിട്ടു പോയി പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യം ശേഖരിക്കും. കൂടാതെ പുനരുപയോഗം ചെയ്യുവാൻ കഴിയുന്ന ലോഹ വസ്തുക്കൾ, പഴയ റബ്ബർ - പ്ലാസ്റ്റിക് സാധനങ്ങൾ, ചെരിപ്പ്, ബാഗ്, കുട, മരുന്ന് സ്ട്രിപ്പുകൾ, ടൂത്ത് പേസ്റ്റ് ട്യൂബുകൾ, ബൾബ് ഇലക്ട്രോണിക് മാലിന്യം എന്നിവ മറ്റ് ദിവസങ്ങളിൽ വീടുകളിൽ ചെന്ന് ഷെഡ്യൂൾ പ്രകാരം ശേഖരിക്കും. ഒരു വീട്ടിൽ നിന്ന് 50 രൂപയും വ്യാപാര സ്ഥാപനത്തിൽ നിന്ന് 100 രൂപയും യൂസർ ഫീയായി ഈടാക്കും. 5 കിലോ വരെ ഈ ഫീസ് മതിയാകും. കൂടുതലുള്ള ഓരോ കിലോ ഗ്രാമിനും വീടുകൾക്ക് 10 രൂപയും മറ്റുള്ളവർക്ക് 20 രൂപയും നൽകണം. ഇതിനായി നഗരസഭ തയ്യാറാക്കിയ മാലിന്യ പരിപാലന നിയമാവലി അനുസരിച്ച് നഗരസഭയിലെ എല്ലാ വീടുകളും ഇതിൽ നിർബന്ധമായും അംഗങ്ങളാകണം. അംഗങ്ങളാകുന്നവർക്ക് മാത്രമെ നഗരസഭയിൽ നിന്നും വിവിധ സേവനങ്ങളും ആനുകൂല്യങ്ങളും നൽകുകയുള്ളു. ജൈവ മാലിന്യം ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിന് വീടുകളിലേക്ക് കമ്പോസ്റ്റർ പോട്ടുകൾ വിതരണം ചെയ്യും. 1800 വിലയുള്ള പോട്ട് സബ്സിഡി കഴിച്ച് 180 രൂപയ്ക്ക് നൽകും. പൈപ്പ് കമ്പോസ്റ്റുകളും ബയോഗ്യാസ് പ്ലാന്റുകളും സൗജന്യ നിരക്കിൽ നഗരസഭ നൽകും. ഹരിത കർമ്മ സേനയക്ക് സോഷ്യോ ഇക്കണോമിക് യൂണിറ്റിന്റെ നേതൃത്വത്തിൽ ഈ മാസം19 ന് രണ്ട് കേന്ദ്രങ്ങളിലായി പരിശീലനം നൽകും. പിന്നീട് സേനാംഗങ്ങൾ ഗൃഹസന്ദർശനം നടത്തി നിർദ്ദേശങ്ങൾ നൽകും.

പൊതുസ്ഥലങ്ങളിലും ജലസ്രോതസ്സുകളിലും മാലിന്യം ഇടുന്നവർക്കും പ്ലാസ്റ്റിക് കത്തിക്കുന്നവർക്കുമെതിരെ പിഴ ഉൾപ്പെടെ ശക്തമായ ശിക്ഷാ നടപടികൾ സ്വീകരിക്കുമെന്ന് ചെയർമാൻ പറഞ്ഞു. കൂടാതെ വീടുകളിലെയും കടകളുടെയും മലിനജലം പൊതു കാനയിലേക്ക് ഒഴുക്കിവിടുന്നവർക്കെതിരെയും ശിക്ഷാ നടപടി യുണ്ടാകും. നഗരസഭ ആരോഗ്യ വിഭാഗം ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ രാത്രി പെട്രോളിങ് ആരംഭിച്ചിട്ടുണ്ട്.

കൗൺസിലർമാരായ സി.കെ.രാമനാഥൻ, കെ എസ് കൈസാബ്, ഹണി പീതാംബരൻ, വി.ജി.ഉണ്ണികൃഷ്ണൻ, എം എസ്. വിനയകുമാർ, വി.എം.ജോണി, സി.സി. വിപിൻ ചന്ദ്രൻ, അഡ്വ. സി.പി.രമേശൻ, ടി.പി പ്രഭേഷ്, ശാലിനി വെങ്കിടേഷ് എന്നിവർ ചർച്ചയിൽ പങ്കെടുത്തു.

# ഉപതെരഞ്ഞെടുപ്പ്:<br>വോട്ടർ പട്ടിക പുതുക്കുന്നു

കുഴൂർ ഗ്രാമപഞ്ചായത്തിലെ നാലാം വാർഡായ കുഴൂരിലെ ഉപതിരഞ്ഞെടുപ്പിനു മുന്നോടിയായി വോട്ടർ പട്ടിക പുതുക്കുന്നു. കരട് വോട്ടർ പട്ടിക ജൂലൈ ഒമ്പതിന് പ്രസിദ്ധീകരിച്ചു. അവകാശ വാദങ്ങളും ആക്ഷേപങ്ങളും ജൂലൈ 23 വരെ ഓൺലൈനായി സമർപ്പിക്കാം. പേര് ഉൾപ്പെടുത്തുന്നതിന് ഫോറം 4, ഉൾക്കുറിപ്പുകൾ തിരുത്തുന്നതിന് ഫോറം 6, പോളിങ് സ്റ്റേഷൻ/വാർഡ് സ്ഥാനമാറ്റം-ഫോറം 7 എന്നീ അപേക്ഷകളാണ് ഓൺലൈനായി സ്വീകരിക്കുക. പേര് ഒഴിവാക്കുന്നതിന് ഫോറം 5 ൽ നേരിട്ടോ, രജിസ്ട്രേഡ് തപാലിലോ അപേക്ഷിക്കണം. അവകാശവാദങ്ങളിലും ആക്ഷേപങ്ങളിലും തീർപ്പ് കൽപ്പിക്കുന്നതിനുള്ള അവസാന തീയതി ഓഗസ്റ്റ് രണ്ട്. അന്തിമ വോട്ടർപട്ടിക ഓഗസ്റ്റ് മൂന്നിന് പ്രസിദ്ധീകരിക്കും. വോട്ടർപട്ടിക പുതുക്കുന്നതിനുള്ള യോഗ്യത തീയതിയായ 2019 ജനുവരി ഒന്നിനോ അതിനുമുമ്പോ അപേക്ഷകർക്ക് 18 വയസ്സ് തികഞ്ഞിരിക്കണം. കരട് വോട്ടർ പട്ടിക കുഴൂർ പഞ്ചായത്ത് ഓഫീസിലും വില്ലേജ് / താലൂക്ക് ഓഫീസുകളിലും പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. നിലവിലെ പട്ടിക www.lsgelection.kerala.gov.in. എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

## അദാലത്ത്

തൃശൂർ ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിൽ 2019 മെയ് 31 വരെ തീർപ്പാക്കാതെ കിടക്കുന്ന കെട്ടിട നിർമ്മാണ അനുമതി, റെഗുലറൈസേഷൻ, ഒക്യുപെൻസി/കെട്ടിട നമ്പറിങ് അപേക്ഷകൾ തീർപ്പാക്കുന്നതിന്റെ ഭാഗമായി ജില്ലാതല അദാലത്ത് നടത്തുന്നു. ജൂലൈ 23, 24, 27 തീയതികളിൽ രാവിലെ 10 മുതൽ ജില്ലാ ആസൂത്രണഭവൻ ഹാളിലാണ് അദാലത്ത്. അദാലത്തിലേക്ക് നേരിട്ട് അപേക്ഷ നൽകാൻ ആഗ്രഹിക്കുന്നവർ മേൽവിലാസം, മൊബൈൽ നമ്പർ, ഗ്രാമപഞ്ചായത്തിന്റെ പേർ തുടങ്ങിയ വിശദാംശങ്ങൾ സഹിതം വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷ ജൂലൈ 17 നകം ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്, രണ്ടാം നില, സിവിൽ സ്റ്റേഷൻ, അയ്യന്തോൾ പി ഒ, തൃശൂർ 680003 എന്ന വിലാസത്തിൽ നൽകണം. കൂടുതൽ വിവരങ്ങൾ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളിൽ നിന്നോ ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത് കാര്യാലയത്തിൽ നിന്നോ അറിയാം. ഫോൺ : 0487-2360616.

## വൃദ്ധരായ മാതാപിതാക്കളെ സംരക്ഷിക്കാൻ ട്രൈബ്യൂണലിൽ നിർദേശം

അൽഷിമേഴ്സ് ബാധിതരായ വൃദ്ധ ദമ്പതിമാരെ സംരക്ഷിക്കുന്നതിനായി ഗാർഡിയനെ നിയമിക്കുന്നതിനും അവർക്ക് പണം ചെലവിനു നൽകുന്നതിനുമായി ഹൈക്കോടതിയുടെ നിയമോപദേശം തേടാൻ ജില്ലാ അപ്പലേറ്റ് ട്രൈബ്യൂണലിൽ തീരുമാനം. എളവള്ളി സ്വദേശികളുടെ പരാതിയെ തുടർന്ന് ജില്ലാ കളക്ടർ എസ് ഷാനവാസാണ് ഉത്തരവിട്ടത്. ജില്ലാ ഗവ പ്ലീഡർ മുഖാന്തിരം ഇവരുടെ പരാതി ഹൈക്കോടതിയുടെ നിയമോപദേശത്തിനായി അയക്കും.

മാതാപിതാക്കളെയും മുതിർന്ന പൗരന്മാരെയും സംരക്ഷിക്കുന്ന 2007 ലെ നിയമ പ്രകാരം ജില്ലാ കളക്ടറുടെ ചേംബറിൽ നടന്ന സിറ്റിങ്ങിലാണ് തീരുമാനമുണ്ടായത്. ഇത്തരത്തിലുള്ള മറ്റൊരു കേസും ആർ ഡി ഒ യുടെ നേതൃത്വത്തിൽ അന്വേഷിച്ച് പുന: പരിശോധിക്കാനും കളക്ടർ ഉത്തരവിട്ടു.

## കുടുംബശ്രീ പ്രതിഭാതീരം-കായികതീരം: പദ്ധതി സംസ്ഥാനതല ഉദ്ഘാടനം 27 ന്

തൃശൂർ കുടുംബശ്രീ തിരശ്രീ പദ്ധതിയുടെ ഭാഗമായി അഞ്ച് മുതൽ പത്താം ക്ലാസ്സ് വരെ പഠിക്കുന്ന കുട്ടികലുടെ പഠനനിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി പ്രതിഭാതീരം പദ്ധതിയ്ക്ക് തുടക്കം കുറിച്ചു. പഠന സാഹചര്യം ഒരുക്കുക, സംശയനിവാരണ ക്ലാസ്സുകൾ, കൗൺസിലിങ്ങ് ക്ലാസ്സുകൾ തുടങ്ങിയവ ഇതിന്റെ ഭാഗമായിരിക്കും. എല്ലാ ദിവസവും മതിലകം ഗ്രാമപഞ്ചായത്തിലെ ത്രിവേണി തീരദേശ മേഖലയിൽ ഉൾപ്പെട്ട കുട്ടികളെയാണ് നാൺ മെമ്മോറിയൽ ഗ്രന്ഥശാലയിൽ ആരംഭിക്കുന്ന ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കായികമേഖലയിൽ പ്രാവീണ്യം വളർത്തിയെടുക്കുന്നതിന്റെ ഭാഗമായി കായികതീരം പദ്ധതിക്കു തുടക്കം കുറിച്ചു. തിരശ്രീ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം മതിലകം പഞ്ചായത്തിൽ ജൂലൈ 27 ന് നടക്കും. ഈ പദ്ധതിയിൽ ഉൾപ്പെട്ട കുട്ടികളുടെ മാനസിക, കായിക പുരോഗതി വിലയിരുത്തുകയും അതിനനുസരിച്ചുള്ള മാറ്റങ്ങൾ വരുത്തുകയും ചെയ്യും. എറിയാട്, എസ് എൻ പുരം, വലപ്പാട്, കയ്പമംഗലം എന്നീ തീരദേശമേഖലകളിലും ഈ പദ്ധതികൾ വ്യാപിപ്പിക്കും. ലൈബ്രറി കൗൺസിലിന്റെയും സ്പോർട്സ് കൗൺസിലിന്റെയും പങ്കാളിത്തത്തോടെയാണ് ഈ പദ്ധതികൾ വ്യാപിപ്പിക്കുക.

## ഐ.എസ്.ഒ അംഗീകാരവുമായി ശ്രീനാരായണപുരം പഞ്ചായത്ത്

ജനങ്ങൾക്ക് കാലതാമസമില്ലാതെ മികച്ച ഗുണമേന്മയുള്ള സേവനം നൽകിയ ശ്രീനാരായണപുരം ഗ്രാമപഞ്ചായത്തിന് മികവിനുള്ള ഐ.എസ്.ഒ സർട്ടിഫിക്കറ്റ്. കഴിഞ്ഞ രണ്ട് വർഷങ്ങളായി നൂറു ശതമാനം പദ്ധതിപണം ചെലവഴിച്ച് ജനങ്ങൾക്ക് മികച്ച സേവനം ലഭ്യമാക്കിയതിനാണ് അംഗീകാരം. ഹൈദരാബാദ് ആസ്ഥാനമായുള്ള ടാറ്റ ക്വാളിറ്റി സർവ്വീസ് എന്ന സ്ഥാപനമാണ് അംഗീകാരം നൽകിയത്. ഇവരുടെ രണ്ട് തലത്തിലുള്ള ഓഡിറ്റ് നടന്നതിന് ശേഷമാണ് സർട്ടിഫിക്കറ്റ് ലഭ്യമാക്കിയത്. 2022 മെയ് 9 വരെയാണ് സർട്ടിഫിക്കറ്റിന്റെ കാലാവധി.

ഐ.എസ്.ഒ അംഗീകാരത്തിനായി മികച്ചൊരു പൗരാവകാശ രേഖ തയ്യാറാകുകയായിരുന്നു പഞ്ചായത്ത് ആദ്യം ചെയ്തത്. ഇതിനായി പൗര സർവ്വേ നടത്തി അതിന്റെ ഫലത്തിന്റെ അടിസ്ഥാനത്തിൽ രേഖ തയ്യാറാക്കി. ഫ്രണ്ട് ഓഫീസ് സേവനം കാര്യക്ഷമമാക്കി. പൊതുജനങ്ങൾക്ക് വിശ്രമിക്കാൻ പാകത്തിൽ ഇരിപ്പിടങ്ങളൊരുക്കി ടെലിവിഷൻ, ആനുകാലികങ്ങൾ, പത്രങ്ങൾ എന്നിവ ഏർപ്പെടുത്തി. സ്ത്രീ സൗഹൃദ ടോയ്ലറ്റ്, റാമ്പ്, അപേക്ഷയുടെ നിലവിലെ സ്ഥിതി അറിയാൻ ടച്ച് സ്ക്രീൻ സൗകര്യം, വിവിധ ബോർഡുകൾ എന്നിവയും സജ്ജീകരിച്ചു. ഫയലുകൾ തരം തിരിച്ചും വർഷം തിരിച്ചും സേവനം വേഗത്തിൽ ലഭ്യമാക്കാൻ ഉതകുന്ന തരത്തിൽ വിശാലമായ റെക്കോർഡ് റൂം തയ്യാറാക്കി. ഐ.എസ്.ഒ പ്രഖ്യാപനവും പുതുതായി വാങ്ങിയ സ്ഥലത്ത് ഏർപ്പെടുത്തിയ പാർക്കിങ്ങ് ഏരിയയുടെ ഉദ്ഘാടനവും 26ന് കയ്പമംഗലം എം.എൽ.എ ഇ.ടി ടൈസൺ മാസ്റ്റർ നിർവ്വഹിക്കും. ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് എം.എസ്. മോഹനൻ, ജില്ലാ പഞ്ചായത്തംഗങ്ങൾ, വിവിധ ജനപ്രതിനിധികൾ എന്നിവർ പങ്കെടുക്കും.

# ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ അക്ഷരയാത്രയക്ക് തുടക്കം

ഭൂമി നമ്മളുടെ മാത്രം സ്വന്തമല്ല എന്ന് കുട്ടികൾ തിരിച്ചറിയണമെന്ന് സാഹിത്യകാരൻ ഡോ. എം എൻ വിനയകുമാർ. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് തൃശ്ശൂർ ജില്ലയിൽ സംഘടിപ്പിക്കുന്ന അക്ഷരയാത്രയുടെ പുറനാട്ടുകര കേന്ദ്രീയ വിദ്യാലയത്തിലെ ഉദ്ഘാടനം നിർവഹിച്ച് കുട്ടികളോടു സംസാരിക്കുകയായിരുന്നു അദ്ദേഹം. നാടകകൃത്തും സാഹിത്യകാരനുമായ കോലഴി നാരായണൻ അദ്ധ്യക്ഷത വഹിച്ചു. വായനമത്സരത്തിലും കാവ്യാലാപനമത്സരത്തിലും വിജയികളായ കുട്ടികൾക്കുള്ള സമ്മാനങ്ങളും സർട്ടിഫിക്കറ്റും വിതരണം ചെയ്തു. കേന്ദ്രീയ വിദ്യാലയം പ്രിൻസിപ്പാൾ എ പി വിനോദ് കുമാർ, വൈസ് പ്രിൻസിപ്പാൾ അന്നമ്മ മാത്യു, സംസ്കൃതം അധ്യാപകൻ ടി ജി മണികണ്ഠൻ, ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ലൈബ്രേറിയൻ കം ഡോക്യുമെന്റേഷൻ ഓഫീസർ ഉല്ലാസ് സി ജി എന്നിവർ സംസാരിച്ചു. കുട്ടികൾക്ക് ബാലസാഹിത്യ പുസ്തകങ്ങൾ പകുതിവിലയ്ക്ക് ലഭ്യമാക്കുന്ന പുസ്തകമേളയും അക്ഷരാത്രയുടെ ഭാഗമാണ്. തൃശ്ശൂർ ജില്ലയിലെ ഏതു കുട്ടിക്കും അക്ഷരയാത്ര നടക്കുന്ന സ ്കൂളുകളിൽനിന്ന് പുസ്തകങ്ങൾ വാങ്ങാം. ഒരു സ്കൂളിൽ രണ്ടു ദിവസമാണ് പുസ്തകപ്രദർശനം. ജൂലൈ 15 ന് ചാലക്കുടി കുറ്റിക്കാട് സെന്റ് സെബാസ്റ്റ്യൻ സ്കൂളിലെത്തുന്ന അക്ഷരയാത്ര സിപ്പി പള്ളിപ്പുറം ഉദ്ഘാടനം ചെയ്യും.

# എക്സ്പീരിയൻസ് എത്നിക് കുസിൻ: രജിസ്ട്രേഷൻ ആരംഭിച്ചു

കേരളത്തിലെ വീട്ടമ്മമാരുടെ കൈപ്പുണ്യം ടൂറിസ്റ്റുകൾക്ക് പരിചയപ്പെടുത്തുന്ന എക്സ്പീരിയൻസ് എത്നിക് കുസിൻ പദ്ധതിയുമായി ഉത്തരവാദിത്ത ടൂറിസം മിഷൻ ഒരുങ്ങുന്നുവെന്ന് ടൂറിസം വകുപ്പ് മന്ത്രി കടകംപള്ളി സുരേന്ദ്രൻ നിയമസഭയിൽ അറിയിച്ചു. കേരളീയഗ്രാമങ്ങളെ ടൂറിസം പ്രവർത്തനത്തിന്റെ മുഖ്യ കേന്ദ്രമാക്കുക എന്നാണ് പദ്ധതിയുടെ ലക്ഷ്യം. തെരഞ്ഞെടുക്കുന്ന 2000 വീടുകളാണ് ഒന്നാം ഘട്ടത്തിൽ പദ്ധതിയുടെ ഭാഗമാവുക. കുറഞ്ഞത് 30000 മുതൽ 50000 വരെ ആളുകൾക്കു 3 വർഷം കൊണ്ട് തൊഴിൽ ലഭിക്കും. ഭൂരിഭാഗം സ്ത്രീകളും സംരംഭകരായി മാറുമെന്നതാണ് പദ്ധതിയുടെ പ്രത്യേകത. വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ പദ്ധതി നടപ്പിലാക്കാൻ ഉത്തരവാദിത്ത ടൂറിസം മിഷനു കഴിയും. കേരളത്തിന്റെ തനതു ഭക്ഷ്യസംസ്ക്കാരവും പാചക-ഭക്ഷണരീതികളും വിനോദസഞ്ചാരികളെ പരിചയപ്പെടുത്തുന്നതു വഴി നാടിനെ വിനോദസഞ്ചാര രംഗത്ത് മാറ്റുവരുത്തുവാനും സാധിക്കും. പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്ന എല്ലാ വീടുകളും ഉത്തരവാദിത്ത ടൂറിസം മിഷൻ ജില്ലാ കോർഡിനേറ്റർമാർ അടങ്ങുന്ന സമിതി സന്ദർശിച്ച ശേഷം ജില്ലാതലത്തിൽ പരിശീലനം നൽകും. താൽപര്യമുള്ളവർ ജൂലൈ 25 നകം അതതു ജില്ലാ ടൂറിസം ഓഫീസുകളിൽ പ്രവർത്തിക്കുന്ന ജില്ലാ ഉത്തരവാദിത്ത ടൂറിസം മിഷൻ ഓഫീസിൽ രജിസ്റ്റർ ചെയ്യണം. അംഗീകൃത ഹോംസ്റ്റേകൾക്കും ഈ പദ്ധതിയുടെ ഭാഗമാകുന്നതിന് അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾ ജില്ലാ മിഷൻ കോർഡിനേറ്റർ, ഉത്തരവാദിത്ത ടൂറിസം മിഷൻ, ടൂറിസം

ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം, രാമനിലയം, തൃശൂർ 20 എന്ന വിലാസത്തിൽ ബന്ധപ്പെടുക. ഫോൺ : 9947176057.

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ഇന്ന് (ജൂലൈ 13) പ്രവർത്തിക്കും

തൃശ്ശൂർ ജില്ലയിൽ ജില്ലാ എംപ്ലോയ്മെന്റ് ് എക്സ്ചേഞ്ചും തലപ്പിള്ളി, ചാവക്കാട്, ചാലക്കുടി, ഇരിങ്ങാലക്കുട, കൊടുങ്ങല്ലൂർ എന്നീ ടൗൺ എംപ്ലോയ്മെന്റ് ് എക്സ്ചേഞ്ചുകളും ഇന്ന് (ജൂലൈ 13) രണ്ടാം ശനിയായ്ച്ച തുറന്ന് പ്രവർത്തിക്കും. എസ്എസ്എൽസി, ഹയർസെക്കണ്ടറി ഫലപ്രഖ്യാപനത്തിന് ശേഷമുള്ള തിരക്ക് പരിഗണിച്ചാണ് അവധി ദിവസത്തിൽ ഓഫീസ് തുറന്ന് പ്രവർത്തിക്കുന്നത്. രജിസ്ട്രേഷൻ, മറ്റ് സർട്ടിഫിക്കറ്റ് ചേർക്കൽ, പുതുക്കൽ തുടങ്ങിയ സേവനങ്ങൾ അന്നേ ദിവസം ലഭ്യമാണ്. ഫോൺ : 0487-2331016.

## നാഷണൽ ലോക് അദാലത്ത് ഇന്ന്

ജില്ലാ ലീഗൽ സർവീസ് അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന നാഷണൽ ലോക് അദാലത്ത് തൃശൂർ ജില്ലയിലെ 6 താലൂക്ക് ആസ്ഥാനങ്ങളിൽ ഇന്ന് (ജൂലൈ 13) രാവിലെ 10 ന് നടക്കും. ഭൂമി വില കുറച്ചു കാണിച്ചതുമായി ബന്ധപ്പെട്ട രജിസ്ട്രേഷൻ വകുപ്പിൽ നിലവിലുള്ള അറുനൂറോളം കേസുകൾ അദാലത്തിൽ പരിഗണിക്കും. വാഹനാപകട നഷ്ടപരിഹാരതുക ലഭിക്കുന്നതിനുള്ള 1600 കേസുകളും ബാങ്കുകളുടെ 1000 കേസുകളും മൊബൈൽ കമ്പനികളുടെ 2500 പരാതികളും അദാലത്തിൽ പരിഗണിക്കും. ഒരു ജൂഡീഷ്യൽ ഓഫീസറും ഒരു അഭിഭാഷകനും ഓരോ ബൂത്തിലും കേസുകൾ കേൾക്കുന്നതിന് ഉണ്ടാകുമെന്നു ജില്ലാ നിയമ സേവന അതോറിറ്റി സെക്രട്ടറി അറിയിച്ചു. ഫോൺ : 0487-2363770.

## തൊഴിലുറപ്പ് പദ്ധതികൾക്ക് അപേക്ഷ ക്ഷണിച്ചു

പൊയ്യ ഗ്രാമപഞ്ചായത്ത് തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി കമ്പോസ്റ്റ് പിറ്റ്, സോക്കേജ് പിറ്റ്, കിണർ, ആട്ടിൻ കൂട്, തൊഴുത്ത്, കോഴിക്കൂട്, പന്നിക്കൂട്, അസോള ടാങ്ക്, വർക്ക് ഷെഡ്, കുളം, കിണർ റീചാർജിങ് എന്നീ നിർമ്മാണ പദ്ധതികളിലേക്ക് അപേക്ഷ ക്ഷണിച്ചു. ബിപിഎൽ, പട്ടികജാതി- പട്ടികവർഗ്ഗ കുടുംബങ്ങൾ, ആശ്രയ, പിഎംഎവൈ എന്നീ പദ്ധതികളിൽ ഉൾപ്പെട്ട കുടുംബങ്ങൾ എന്നിവർക്ക് അപേക്ഷിക്കാം. കുളം നിർമാണത്തിന് എപിഎൽ, ബിപിഎൽ വ്യത്യാസമില്ലാതെ അപേക്ഷിക്കാം. അപേക്ഷകൾ ജൂലൈ 30 നകം ഓഫീസിൽ ലഭിക്കണം. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി നേരിട്ട് ബന്ധപ്പെടുക. ഫോൺ : 0480- 2890263.

## ലേലം

പെരിഞ്ഞനം വില്ലേജ് സർവെ 251/2 ൽപ്പെട്ട ഭൂമിയിലെ മരങ്ങൾ ജൂലൈ 25 രാവിലെ 11 ന് ലേലം ചെയ്യും. കൂടുതൽ വിവരങ്ങൾക്ക് കൊടുങ്ങല്ലൂർ താലൂക്ക് ഓഫീസുമായി ബന്ധപ്പെടുക. ഫോൺ : 0480-2802336.

## വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് അപേക്ഷിക്കാം

ജില്ലാ വ്യവസായ കേന്ദ്രത്തിനു കീഴിൽ തൃശൂർ ജില്ലയിലെ വിവിധ ഭാഗങ്ങളിൽ പണികഴിപ്പിച്ചിട്ടുള്ളതും ഒഴിവുവന്നിട്ടുള്ളതുമായ ഷെഡുകളിൽ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് പട്ടികജാതിക്കാരായ സംരംഭകരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. അപേക്ഷ ജൂലൈ 20 നകം ജില്ലാ വ്യവസായ കേന്ദ്രത്തിൽ നൽകണം. ഫോൺ : 0487-2360847, 2361945.

# ഐടിഐ കൗൺസിലിംഗ് 16 ന്

ദേശമംഗലം ഗവ. ഐടിഐയിൽ അഡ്മിഷൻ കൗൺസിലിംഗ് ജൂലൈ 16 ന് നടക്കും. അർഹരായവരുടെ വിശദവിവരം www.itidesamangalam.kerala.gov.in വെബ് സൈറ്റിലും കോളേജ് നോട്ടീസ് ബോർഡിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. രജിസ്ട്രേഷൻ സമയം രാവിലെ 8.30 മുതൽ 11 വരെ. ഫോൺ : 04884-279944.

# വികസനത്തിനാവശ്യം സംയോജിത സഹകരണം: മന്ത്രി എ സി മൊയ്തീൻ

വിവാദങ്ങളല്ല സമൂഹത്തിന്റെ സംയോജിതമായ സഹകരണമാണ് വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എ സി മൊയ്തീൻ. കുട്ടഞ്ചേരി ഗവ. എൽപി സ്ക്കൂളിന്റെ പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. സ്കൂളിന്റെ ക്ലാസ്സ് മുറികളുടെ അപര്യാപ്തത കണക്കിലെടുത്ത് മന്ത്രിയുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 25 ലക്ഷം രൂപ വിനിയോഗിച്ച് 2 ക്ലാസ്സ് മുറികൾ അടങ്ങുന്ന കെട്ടിടത്തിന്റെ നിർമ്മാണമാണ് പൂർത്തീകരിച്ചത്. 2019-20 സാമ്പത്തിക വർഷത്തിലെ പദ്ധതി നിർവ്വഹണങ്ങളുടെ ഭാഗമായി സ്കൂളിന്റെ അനുബന്ധ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾക്കു വേണ്ടി 1 കോടി രൂപ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്നും മന്ത്രി പറഞ്ഞു. തുടർന്ന് തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് ടോയ്ലെറ്റ് ഉൾപ്പെടെയുള്ള മറ്റ് പ്രാഥമിക സൗകര്യങ്ങൾ ചെയ്യുന്നതിനായി മന്ത്രി പഞ്ചായത്ത് അധികൃതർക്ക് നിർദ്ദേശവും നൽകി. എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് മീന ശലമോൻ അദ്ധ്യക്ഷത വഹിച്ചു. പി.ഡബ്ല്യു.ഡി. എക്സി. എഞ്ചിനീയർ വി.കെ.ശ്രീ മാല റിപ്പോർട്ട് അവതരിപ്പിച്ചു. ജില്ലാ പഞ്ചായത്ത് അംഗം കല്യാണി എസ്. നായർ, വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് എസ്. ബസന്ത്ലാൽ, ബ്ലോക്ക് പഞ്ചായത്ത് അംഗം സഫീന അസീസ്, വിദ്യാഭ്യാസ സ്റ്റാന്റിങ് കമ്മറ്റി ചെയർപേഴ്സൺ ഷൈല എന്നിവർ ആശംസ നേർന്നു. ഗ്രാമപഞ്ചായത്ത് അംഗം വി.സി.ബിനോജ് മാസ്റ്റർ സ്വാഗതവും ഹെഡ്മിസ്ട്രസ്സ് ജോളിയമ്മ മാത്യു നന്ദിയും പറഞ്ഞു.

# പൊതുവിദ്യാഭ്യാസ ഡയറക്ടർ കയ്പമംഗലം നിയോജകമണ്ഡലം സന്ദർശിച്ചു

പൊതുവിദ്യാഭ്യാസ ഡയറക്ടർ ജീവൻബാബു കയ്പമംഗലം നിയോജകമണ്ഡലം സന്ദർശിച്ചു. വിദ്യാഭ്യാസരംഗത്ത് സംസ്ഥാനത്ത് തന്നെ മാതൃകയായ മണ്ഡലത്തിലെ വിദ്യാഭ്യാസ വികസന പ്രവർത്തനങ്ങളെ കുറിച്ച് പഠിച്ച് വിലയിരുത്തുന്നതിനാണ് അദ്ദേഹം എത്തിയത്. ഈ അക്കാദമികവർഷം നടപ്പാക്കാൻ പോകുന്ന പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനായി പെരിഞ്ഞനം ഗവ. യു.പി സ്കൂളിൽ അക്ഷരകൈരളി സമഗ്രവിദ്യാഭ്യാസപദ്ധതിയുടെ ഭാഗമായി സംഘടിപ്പിച്ച ശിൽപ്പശാലയും അദ്ദേഹം ഉദ്ഘാടനം ചെയ്തു. വരും വർഷങ്ങളിലെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുമ്പോൾ ഗ്രീൻ പ്രോട്ടോകോൾ പാലിക്കുന്നതിനു വേണ്ട പരിപാടികൾ കൂടി ആസൂത്രണം ചെയ്യണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. അക്ഷരകൈരളിയുടെ ഉപഗ്രൂപ്പായ ലഹരിയ്ക്കെതിരെ പ്രവർത്തിക്കുന്ന സ്വരക്ഷയെ അദ്ദേഹം അഭിനന്ദിച്ചു. ഇ ടി ടൈസൺ മാസ്റ്റർ എംഎൽഎ അധ്യക്ഷത വഹിച്ചു. ഡെപ്യൂട്ടി ഡയറക്ടർ കുസുമം ടീച്ചർ, എടവിലങ്ങ് ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് എ.പി ആദർശ്, എറിയാട് ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് പ്രസാദിനി മോഹനൻ, എടത്തിരുത്തി ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ബൈന പ്രദീപ്, മതിലകം ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ഇ. ജി സുരേന്ദ്രൻ, ജില്ലാ പ്രോജക്ട് ഓഫീസർ, അധ്യാപകർ, രക്ഷാകർത്താക്കൾ, വിദ്യാഭ്യാസ പ്രവർത്തകർ, ജനപ്രതിനിധികൾ എന്നിവർ പങ്കെടുത്തു.

# ക്വട്ടേഷൻ

തൃശൂർ മെഡിക്കൽ കോളേജ് ആശുപത്രിയിലെ കാത്ത് ലാബിൽ ഉപയോഗിക്കുന്ന വിവിധ തരം പേസ്മേക്കറുകൾ, കൺസ്യൂമബിൾസ് എന്നിവ ഒരു വർഷത്തേക്ക് വിതരണം ചെയ്യുന്നതിന് ഡിസിജിഎ/സിഇ/സിജിഎച്ച്സ്/എഫ്ഡിഎ ലൈസൻസുള്ളവരിൽ നിന്ന് ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി ജൂലൈ 29 വൈകീട്ട് 3 മണി. ഫോൺ : 0487-2200310.

# ജില്ലാതല കലാകായികമേള സംഘാടകസമിതി രൂപീകരിച്ചു

ഭാഗ്യക്കുറി ക്ഷേമനിധി ബോർഡിന്റെ ആഭിമുഖ്യത്തിൽ ഭാഗ്യക്കുറിക്ഷേമനിധി അംഗങ്ങൾക്കും കുടുംബാംഗങ്ങൾക്കുമായി നടത്തുന്ന ജില്ലാതല കലാകായിക മേള സംഘടിപ്പിക്കുന്നതിനായി സംഘാടകസമിതി കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ രൂപീകരിച്ചു. ജില്ലാ ഭാഗ്യക്കുറി ഓഫീസർ എസ് അനിൽകുമാർ ഉദ്ഘാടനം ചെയ്തു. ഭാഗ്യക്കുറി ക്ഷേമനിധി ബോർഡ് അംഗം എം കെ ബാലകൃഷ്ണൻ അദ്ധ്യക്ഷത വഹിച്ചു. ഭാഗ്യക്കുറി ഏജന്റുമാരും വിൽപനക്കാരും പങ്കെടുത്തു. കൗൺസിലർ എ പ്രസാദ്, ജില്ലാ ഭാഗ്യക്കുറി ക്ഷേമ ഓഫീസർ കെ എസ് ഷാഹിത, ക്ലാർക്ക് രേഷ്മ തുടങ്ങിയവർ സംസാരിച്ചു.

# റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു

തളിക്കുളം ഐസിഡിഎസ് പ്രൊജക്ടിന്റെ കാര്യാലയം അങ്കണവാടി വർക്കർ, ഹെൽപ്പർ തസ്തികളിലേക്കുള്ള നിയമനത്തിനുള്ള റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. തളിക്കുളം ബ്ലോക്ക് പഞ്ചായത്ത് കാര്യാലയം നോട്ടീസ് ബോർഡിലുണ്ട്.

# സീറ്റ് ഒഴിവ്

പുന്നപ്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ്മാനേജ്മെന്റ്ആന്റ്ടെക്നോളജിയിൽ ദ്വിവത്സര ഫുൾടൈം എംബിഎ പ്രോഗ്രാമിൽ ഫിനാൻസ്, മാർക്കറ്റിങ്, ഹ്യൂമൺ റിസോഴ്സ്, ഓപ്പറേഷൻസ് എന്നിവയിൽ ഏതാനും സീറ്റുകൾ ഒഴിവുണ്ട്. അൻപതുശതമാനം മാർക്കോടെ ബിരുദവും അതോടൊപ്പം കെ-മാറ്റ് / സി-മാറ്റ് / ക്യാറ്റ് ഉള്ളവർക്ക് അപേക്ഷിക്കാം. അപേക്ഷാഫോമുകൾക്ക് കോളേജുമായി ബന്ധപ്പെടുക. വിലാസം - ഡയറക്ടർ, ഐ.എം.റ്റി പുന്നപ്ര, ആലപ്പുഴ. ഫോൺ : 9746125234, 8129659827.

# യോഗം 15 ന്

ജലരക്ഷ ജീവരക്ഷ പദ്ധതിയുടെ ഭാഗമായി ജില്ലയിൽ വിവിധ ബ്ലോക്കുകളുടെ നേതൃത്വത്തിൽ എല്ലാ പഞ്ചായത്തുകളിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ബ്ലൂ ആർമിയുടെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതുമായി ബന്ധപ്പെട്ട യോഗം ജൂലൈ 15 രാവിലെ 10 ന് ചാഴൂർ പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ ചേരും. ഫോൺ : 0487-2360426.

# റീടെണ്ടർ

വനിതാ ശിശുവികസന വകുപ്പിന് കീഴിലുള്ള ജില്ലാതല ഐസിഡിഎസ് സെൽ ഓഫീസിന്റെ ആവശ്യത്തിനായി ഈ സാമ്പത്തികവർഷം വാഹനം വാടകയ്ക്ക് ലഭ്യമാക്കുന്നതിന് ടെണ്ടർ ക്ഷണിച്ചു. ടെണ്ടർ സ്വീകരിക്കുന്ന അവസാന തീയതി ജൂലൈ 26 വൈകീട്ട് മൂന്ന് മണി. ഫോൺ : 0487-2321702.

# ബോട്ട് വാടകയ്ക്ക് വേണം

തൃശൂർ ജില്ലയിൽ 2019 ജൂലൈ 31 അർദ്ധരാത്രി മുതൽ 2020 ജൂൺ 14 അർദ്ധരാത്രി വരെ കടൽ രക്ഷാപ്രവർത്തനം നടത്തുന്നതിനും കടൽ പട്രോളിങ്ങിനും യന്ത്രവത്കൃത ബോട്ട് വാടക

ലഭ്യമാക്കുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി ജൂലൈ 22 വൈകീട്ട് 3 മണി. ഫോൺ : 0487-2441132.

**തുടരും**